2 67/est/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ3-10718/2018/സിഇ/തസ്വഭവ** **തീയതി. 13.09.2018**

## സർക്കുലർ

വിഷയം : തസ്വഭവ - വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ - കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നാശനഷ്ടങ്ങളുടെ കണക്ക് - സംബന്ധിച്ച്

സൂചന : പ്രളയാനന്തര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ 12.09.2018-ലെ യോഗ തീരുമാനം

പ്രളയാനന്തര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ 12.09.2018-ലെ യോഗ തീരുമാനത്തിന്റെ നിർദ്ദേശം 9-ന്റെ അടിസ്ഥാനത്തിൽ നാശനഷ്ടങ്ങളുടെ കണക്കെടുപ്പിനായി കേടായ വീടുകളുടെ കണക്കെടുത്തതുപോലെ, കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ കണക്കെടുത്ത് റിപ്പോർട്ട് ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി, ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google sheet proforma MC 005-ൽ രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ "Home page"-ൽ നൽകിയിട്ടുള്ള "Monsoon calamities" എന്ന link മുഖാന്തിരം Google sheet-ലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള link ലഭ്യമാകുന്നതാണ്. ടി പ്രൊഫോർമ 18.09.2018-ാം തീയതി വരെ എല്ലാ ദിവസവും update ചെയ്യേണ്ടതാണ്. ആയത്, മുനിസിപ്പാലിറ്റികളുടേത് അതാത് ഉത്തര / ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളിലേത് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, ജില്ലാപഞ്ചായത്തുകളുടേത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

P 1210

ε

**No. L.S.G. Flood Relief Control Room/18-XXIII,Dated.12.9.2018.**

**സന്ദേശം**

പ്രളയാനന്തര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിക്കപ്പെട്ട ക്യാബിനറ്റ് സബ്കമ്മിറ്റി 12.09.18-ന് രാവിലെ 10.30-ന് യോഗം ചേരുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്യുകയുമുണ്ടായി.

13/9/18

ശുചീകരണ പ്രവർത്തനങ്ങളുടെ 11.09.18 വൈകുന്നേരം 5 മണിവരെയുള്ള സ്ഥിതി വിവരക്കണക്ക് എ.സി.എസ്. സമിതി മുമ്പാകെ അറിയിച്ചു. ശുചീകരിക്കാൻ ബാക്കിയുള്ളവ വെള്ളം ഇറങ്ങാത്തവയും 3501 വീടുകൾ വൃത്തിയാക്കാൻ വീട് ഉടമസ്ഥനില്ലാതെ പൂട്ടിയിട്ടിരിക്കുന്നവയും മാത്രമാണ്. 25897 കിണറുകൾ ഇനിയും വൃത്തിയാക്കാനുണ്ട്. കിണർ വറ്റിച്ചു കഴിഞ്ഞാലും വീണ്ടും വെള്ളം നിറയുന്ന അവസ്ഥയുണ്ടാകുന്നതിനാലാണെന്നും ഈ അവസ്ഥയിൽ മാറ്റമുണ്ടായതിനു ശേഷമേ പൂർണ്ണമായി കിണറുകൾ ശുചീകരിക്കാൻ കഴിയുകയുള്ളുവെന്നും അറിയിച്ചു. അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുകയുണ്ടായി. പ്രളയബാധിതർക്ക് കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന കാര്യങ്ങൾ തീരുമാനിക്കുകയും നടപ്പാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി.

1. പ്രളയത്തിൽ നഷ്ടപ്പെട്ട വിവിധ സർട്ടിഫിക്കറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നൽകിയത് സംബന്ധിച്ച വിവരങ്ങൾ എല്ലാദിവസവും സർക്കാരിനെ അറിയിക്കേണ്ടതാണ്.

   നടപടി : ഡി.യു.എ./ഡി.പി.

2. പ്രളയത്തിൽ പൂർണ്ണമായും വീടുകൾ തകർന്നവരുടെ കണക്കും അതിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരുടെ കണക്കും പ്രത്യേകമായി തയ്യാറാക്കി സർക്കാരിനെ അറിയിക്കേണ്ടതാണ്.

   നടപടി : ഡി.യു.എ., ഡി.പി. & സി.ഇ., എൽ.എസ്.ജി.ഡി.

Scanned by CamScanner

3. പ്രളയബാധിത പ്രദേശങ്ങളിലെ സ്കൂൾ കുട്ടികൾക്കായി പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള ക്രൂസ്സിൽ (KREWS) നിന്നും ഒരു ലക്ഷം നോട്ടുബുക്കുകൾ അച്ചടിച്ചു ഒരാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യാമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

നടപടി : മാനേജിംഗ് ഡയറക്ടർ (KREWS)/പഞ്ചായത്ത് ഡയറക്ടർ.

4. നാശനഷ്ടങ്ങൾക്ക് കേന്ദ്ര ഫണ്ട് ആവശ്യപ്പെടുന്ന മെമ്മോറാണ്ടം തയ്യാറാക്കുന്നതിലേയ്ക്കായി ലഭ്യമായ വിവരങ്ങളുടെ സ്ഥിതിവിവരകണക്ക് വകുപ്പുതലവന്മാർ ലഭ്യമാക്കേണ്ടതും അത് ക്രോഡീകരിച്ച് ധനവകുപ്പിന് നൽകേണ്ടതുമാണ്.

നടപടി : സി,ഇ., എൽ.എസ്.ജി.ഡി./ഡി.പി/
ഡി.യു.എ./സി.ആർ.ഡി/ കൺട്രോൾ റൂം.

5. സ്കൂളുകളിൽ കഴിഞ്ഞിരുന്നവർക്ക് സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾ വായ്കയ്ക്ക് എടുത്ത് മാറ്റി പാർപ്പിച്ചതിന്റെ തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിലുള്ള വിവരങ്ങൾ

നടപടി : ഡി.പി./ഡി.യു.എ.

6. തൊഴിലാളികളുടെ കൂലി പകുതി ഈടാക്കിയും, പെയിന്റ് വില പകുതി നിരക്കിൽ ഈടാക്കിയും വെള്ളപ്പൊക്കം ബാധിച്ച വീടുകളും കെട്ടിടങ്ങളും പെയിന്റ് ചെയ്ത് നൽകാമെന്ന് അറിയിച്ച് വിവിധ പെയിന്റ് കമ്പനികളുടെ പ്രതിനിധികൾ മുന്നോട്ടു വരുന്നതായി യോഗത്തിൽ അറിയിച്ചു. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വീട് പെയിന്റിംഗ് ഈ രീതിയിൽ ആവശ്യമുള്ളവരുടെ പട്ടിക തയ്യാറാക്കി നടപടികൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ എടുക്കാവുന്നതാണെന്ന് തീരുമാനിച്ചു.

നടപടി : ഡിയുഎ/ഡിപി.

7. നിർദ്ദിഷ്ട സ്ഥലങ്ങളിൽ ശേഖരിച്ചു വച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അവ ശാസ്ത്രീയമായി ഡിസ്പോസ് ചെയ്യുന്നതിനും തുടർ നടപടികൾ സ്വീകരിക്കണം. ആയതിന്റെ പ്രതിദിന പുരോഗതി സർക്കാരിനെ അറിയിക്കണം.

നടപടി : എം.ഡി., ക്ലീൻ കേരള കമ്പനി/കൺട്രോൾ റൂം.

Scanned by CamScanner

8. പഞ്ചായത്തുകളും ആരോഗ്യ വകുപ്പും യോജിച്ച് പ്രവർത്തിച്ച് രോഗ പ്രതിരോധത്തിനുള്ള പ്രത്യേകിച്ച് ഡെങ്കിപ്പനി, കോളറ, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രചരണം നടത്തണം. തിളപ്പിച്ചാറ്റിയ കുടിവെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവു എന്നും വ്യാപക മായി ജനങ്ങളെ ബോധവൽക്കരിക്കണം.

നടപടി : ഡിയുഎ/ഡിപി.

9. നാശനഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനായി കേടായ വീടുകളുടെ കണക്കെടുത്തതുപോലെ കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ കണക്കെടുത്ത് റിപ്പോർട്ട് ചെയ്യണം.

നടപടി : സി,ഇ., എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം.

എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

Scanned by CamScanner